*Celebrating Extraordinary Missionary Month October 2019…*

**Wednesday, 9 October 2019**
ഏലിയാ സ്ലീവാ മൂശാകാലം അഞ്ചാം ബുധൻ
LK 11:24-26
*അശുദ്ധാത്മാവിന്റെ  തിരിച്ചുവരവ്*
Fr. Vibin Pullanpilly CMI

അശുദ്ധാത്മാക്കളെ ബഹിഷ്ക്കരിക്കാൻ നിയോഗിക്കപെട്ടവൻ അവയാൽത്തന്നെ നിയന്ത്രിക്കപ്പെടുന്നത് എത്രയോ സങ്കടകരം.  പ്രഭാഷകന്റെ പുസ്തകം പതിനഞ്ചാം അധ്യായം പതിനഞ്ചു മുതലുള്ള തിരുവചനകളിൽ നാം ഇപ്രകാരം വായിക്കുന്നു    “മനസുവച്ചാൽ നിനക്കു കല്പനകള്പാലിക്കാൻ  സാധിക്കും; വിശ്വസ്തതാപൂർവം പ്രവര്ത്തിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് നീയാണ്. അഗ്നിയും ജലവും അവിടുന്ന് നിന്റെ മുൻപിൽ വച്ചിരിക്കുന്നു;ഇഷ് ടമുള്ളത് എടുക്കാം. ജീവനും മരണവും മനുഷ്യൻറെ മുമ്പിലുണ്ട്; ഇഷ് ടമുള്ളത് അവനു ലഭിക്കും."

ക്ഷണികമായ പ്രേരണകളാൽ, ആത്മീക പ്രേചോദനങ്ങളാൽ താത്ക്കാലികമായി അശുദ്ധാത്മാക്കൾ ബഹിഷ്കരിക്കപ്പെടുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ യാന്ത്രികമാകുമ്പോഴും  നിർബ ന്ധിതമാകുമ്പോഴും നിയോഗിക്കപെട്ടവന്റെ പ്രാഥമിക ഉത്തരവാദിത്വങ്ങൾ കടമനിർവഹണമായിത്തീരുന്നു. എന്റെഉള്ളിലെ “യോനാ” അപകർഷതകൾ അഹംഭാവചോദ്യങ്ങൾ ഉയർത്തുമ്പോൾ എന്റെ നിയോഗവും അസ്ഥിത്വവും സുരക്ഷിതമായി മണ്ണിനടിയിൽ തുണിയിൽ പൊതിഞ്ഞു ഞാൻ സൂക്ഷിക്കുന്നു. കാരണം കണക്കു ബോധിപ്പിക്കേണ്ടിവരുമ്പോൾ ഒഴിവുകഴിവുകൾ പറയാനുള്ള നൈപുണ്യവും  അവൻതന്നെ എനിക്കു നൽകിയിട്ടുണ്ട്.

കണ്ണടച്ചു പാലു കുടിക്കുന്ന പൂച്ചക്ക് സമമാകുന്ന ജീവിതങ്ങളുടെ ദുരന്തം അവരിൽ തന്നെ അവസാനിക്കാതെ ഒരു വലിയ ഗണം വിശുദ്ധ ജീവിതങ്ങളിലേക്കു വിതയ്ക്കപ്പെടുന്നുണ്ട്, ആഴമായി മുറിവേൽപ്പിക്കപ്പെടുന്നുണ്ട്, കാരണം സന്യാസ സാഹോദര്യ കൂട്ടായ്മയുടെ ആഴവും, അഗാധമായ സ്നേഹവും നമ്മൾ എല്ലാവരും ഒരുപാടു അനുഭവിച്ചിരുന്നു. “പാതിരിയാകാൻ പാതി തിരിഞ്ഞാൽ പോരാ പാതിയിൽ നിന്നും തിരിയണം” എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികൾ ശുദ്ധികരിക്കപ്പെടുവാനുള്ള മറുവശം കാണിച്ചുതരുന്നുണ്ട്. പകുതി മാത്രം ശുദ്ധികരിക്കപ്പെട്ടവരെയാണോ വെള്ളയടിക്കപ്പെട്ട കുഴിമാടങ്ങൾ എന്നു വിളിക്കുന്നത്.? ബാഹ്യമായും ആന്തരികമായും പൊരുത്തപെടാത്തതാണോ  ഈ അവസ്ഥ? അടിച്ചുവാരി സജ്ജീകരിക്കപ്പെട്ടതായി അനുമാനിക്കുന്ന ചിലയിടങ്ങൾ ആത്മപരിശോധനയിൽ അശുദ്ധാത്മാക്കളുടെ ഉല്ലാസകേന്ദ്രമായി വെളിപ്പെടാറുണ്ട്. അവർ ഉത്‌ഘോഷിക്കുന്നു നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ് നമുക്കിവിടെ കൂടാരങ്ങൾ നിർമിക്കാം.

ആ കൂടാരത്തിൽ ഞാനും ഒരിടം കണ്ടെത്തി, സുഖസൗകര്യങ്ങൾ, പരിചരണങ്ങൾ, ലാഭേച്ഛചിന്തകളുടെ കൂടാരസമുച്ചയങ്ങൾ.

ആത്മീയ അനുഭവത്തിന്റെ മൂർച്ഛതയിൽ നമുക്കിവിടെ കൂടാരങ്ങൾ പണിത് ഈ മലയിൽ ആയിരിക്കുന്നതാണ് നല്ലത് എന്നു പറഞ്ഞ ശിഷ്യന്മാരെ അവൻ തിരുത്തിയിട്ടുണ്ടാകാം 'നാം ഇവിടെ നിന്ന്ഇറങ്ങുന്നതാണ് കൂടുതൽ ഉചിതം കാരണം ഈ മലയുടെ താഴ്വരയിൽ അശുദ്ധാത്മാവ് ബാധിതനായ ഒരു ബാലനെ സുഖപ്പെടുത്തുവാൻ അവന്റെ പിതാവ് എന്നെ കാത്തിരിക്കുന്നുണ്ട്.'

നമ്മുടെ എല്ലാ ദൗത്യങ്ങളിലും കർത്താവിന്റെ ഈ വചനങ്ങൾ പ്രവർത്തികളാൽ പ്രഘോഷിക്കപ്പെടട്ടെ.

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു."
(ലൂക്കാ 4: 18)

*Published by*
CMI General Department of Evangelization and Pastoral Ministry